പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209 — 8.3.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയിലെ സുരക്ഷിതത്വം

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.രാജഗോപാലൻ<br>ശ്രീമതി.വീണാ ജോർജ്ജ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം വ്യവസായം വിപുലമായതിനെ തുടർന്ന് ഈ രംഗത്ത് ചൂഷണവും തട്ടിപ്പുകളും മറ്റ് ദുഷ് പ്രവണതകളും വളർന്ന് വരുന്നത് വിനോദസഞ്ചാര വ്യവസായത്തിന് തന്നെ ഭീഷണിയാകുമെന്നതിനാൽ ഇതു തടയാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് അറിയിക്കാമോ; | എ) | ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്.<br>ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി അതോറിറ്റി പ്രവർത്തിക്കുന്നതാണ്. വ്യത്യസ്ഥ ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടായിരിക്കും.<br>വിനോദസഞ്ചാരികൾക്ക് നേരിടേണ്ടി വരുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും. ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുകയും |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരികൾക്ക് അത്യാഹിതങ്ങൾ ഉണ്ടായാൽ ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനും തുടർ നടപടിക്കുമായി അത്യാഹിത സെല്ലുകൾ രൂപീകരിക്കുന്നതിന് ടൂറിസം നയം വിഭാവനം ചെയ്യുന്നുണ്ട്. |
| ബി) | കായൽ ടൂറിസം മേഖലയിൽ ഹൗസ് ബോട്ട് ഓടിക്കുന്നവരിൽ വലിയൊരു പങ്കിനും യോഗ്യതയില്ലെന്നും, ബോട്ടുകളിൽ സുരക്ഷാ സജ്ജീകരണങ്ങളും ബോട്ടുകൾക്ക് ഇൻഷ്വറൻസും ഇല്ലെന്നുമുള്ള കണ്ടെത്തലിന്റെയടിസ്ഥാനത്തിൽ ടൂറിസം രംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | സുരക്ഷിതത്വത്തിനും, സുരക്ഷാ ക്രമീകരണങ്ങളടക്കമുള്ള സംഗതികൾക്കും പ്രത്യേക പരിഗണന നൽകി ഹൌസ്ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. തുറമുഖ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭ്യമായ ഹൗസ് ബോട്ടുകളിൽ ' ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' ഏർപ്പെടുത്തുന്ന നടപടി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടി സിസ്റ്റം സ്ഥാപിച്ചിട്ടുള്ള ഹൗസ് ബോട്ടുകളുടെ നിരീക്ഷണം ടി സിസ്റ്റത്തിന്റെ കൺട്രോൾ റൂമുകളിൽ സാധ്യമാകുന്നു.ടി സിസ്റ്റം സ്ഥാപിച്ചിട്ടുള്ള ഹൗസ് ബോട്ടുകളുടെ തൽസ്ഥിതി, സ്ഥാനം, ദൂരം എന്നിവ കൃത്യമായി അറിയാൻ സാധിക്കുന്നതിനാൽ അത്യാഹിത സമയങ്ങളിൽ ശരിയായ പ്രവർത്തനം സാധ്യമാക്കുകയാണ് ഈ സിസ്റ്റം സ്ഥാപിക്കുന്നതിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്. |
| സി) | ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്? | സി) | ടൂറിസം വകുപ്പ് നടപ്പാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിയിട്ടുള്ളതാണ്.പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കാണ് വകുപ്പ് പ്രാമുഖ്യം നൽകുന്നത്. ആവാസ വ്യവസ്ഥ സംരക്ഷിച്ചു കൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളാണ് ലക്ഷ്യമിടുന്നത്.ഇതിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ കർശനമായും പാലിക്കുന്നതിന് വകുപ്പ് ശ്രദ്ധ ചെലുത്തുന്നുണ്ട്.പ്ലാസ്റ്റിക്ക് നിർമ്മിതമായ ക്യാരി ബാഗുകൾ, കുപ്പി വെള്ളം, മറ്റ്പ്ലാസ്റ്റിക്ക് ഉത്പ്പന്നങ്ങൾ എന്നിവ കർശനമായും നിയന്ത്രിക്കുന്നതിനും, ചില മേഖലകളിൽ നിരോധിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ബോധവത്ക്കരണം സംഘടിപ്പിക്കുകയും ലഘു രേഖകൾ, ബോർഡുകൾ എന്നിവയും ഏർപ്പെടുത്തി വരുന്നു. പരിസ്ഥിതി സൗഹൃദ ഉത്പ്പന്നങ്ങളുടെ ഉപയോഗവും, ലഭ്യതയും ടൂറിസം കേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ